# പ്രകൃതി താളത്തിലെ മൺകൂരകൾ

ലാറി ബേക്കർ/സുകുദാസ്

വീടിനെക്കുറിച്ചുള്ള മലയാളിയുടെ സങ്കൽപ്പങ്ങൾ വിപ്ലവകരമായി മാറ്റി മറിച്ച ലാറി ബേക്കറുമായി നടത്തിയ അപ്രകാശിത അഭിമുഖം. ഒരുവേള, അദ്ദേഹവുമായി നടന്ന അവസാനത്തെ അഭിമുഖ സംഭാഷണമായിരിക്കാം ഇത്.

പരിഭാഷ : ബിജുരാജ്

മലയാളിയുടെ വീടെന്ന സങ്കൽപ്പത്തെ ചെലവുകുറഞ്ഞതും സുന്ദരവുമാക്കി മാറ്റിയെന്നതാണ് ലാറി ബേക്കറിന്റെ അനശ്വരത. ആറുപതിറ്റാണ്ടുകൾ കേരളത്തിൽ അദ്ദേഹം വിശ്രമമില്ലാതെ കെട്ടിടങ്ങൾ പണിതു. സാധാരണക്കാരന് കൈയെത്തിപ്പിടിക്കാവുന്ന ദൂരത്തിലായിരുന്നു പരിസ്ഥിതിക്കിണങ്ങിയ ആ വീടുകൾ. ആധുനികതയുടെ പണക്കൊഴുപ്പ് നിറഞ്ഞ ആഘോഷങ്ങൾക്കിടയിലും ലാറി ബേക്കറിന്റെ പ്രസ്കതി ഒട്ടും മങ്ങാതെ, വർധിച്ചുകൊണ്ടിരിക്കുന്നു എന്നത് വാസ്തവം. മൺകൂരകൾ എന്നൊക്കെ വിളിച്ച് ആ കെട്ടിടങ്ങളെ ആക്ഷേപിക്കുന്നുവരുണ്ടാകാം. പക്ഷേ, ബേക്കർ പണിതത് പ്രകൃതിയുടെ താളത്തോടിണങ്ങുന്ന, വലിയ നന്മകളുള്ള കെട്ടിടങ്ങളാണ്.

ഇംഗ്ലണ്ടിൽ ജനിച്ച ലാറി ബേക്കർ എല്ലാ അർത്ഥത്തിലും മലയാളത്തെ സ്നേഹിച്ചു; മലയാളിക്കുവേണ്ടി പ്രവർത്തിച്ചു; മലയാളിയായി ഇവിടെ മരിച്ചു. അദ്ദേഹത്തിന്റെ മരണത്തിന്അൽപനാളുകൾ മുമ്പ്, 2006 ജൂൺ 18 നാണ് ഈ സംഭാഷണം നടക്കുന്നത്. ചിത്രകാരനും പെയിന്ററുമായ വിനോദിനും പത്രപ്രവർത്തകനായ സുധീറിനുമൊപ്പമാണ് ആർക്കിടെക്റ്റായ സുകുദാസ് വാസ്തുവിദ്യയുടെ കുലപതിയായ ബേക്കറെ കാണാൻ ചെല്ലുന്നത്. തിരുവനന്തപുരത്തെ തന്റെ ഹാംലെറ്റ് എന്ന വീട്ടിൽ ആഹ്ലാദവാനായിരുന്നു അദ്ദേഹം. സ്നേഹപൂർവം, സന്തോഷത്തോടെ സ്വീകരണം. പിന്നീട് അൽപ നേരം വാസ്തുവിദ്യയെക്കുറിച്ചും തന്നെപ്പറ്റിയും സംസാരം. ആ സംഭാഷണത്തിന്റെ പ്രസ്കത ഭാഗങ്ങൾ:

**സുകുദാസ്:** കുട്ടിയായിരുന്നപ്പോൾ എന്തായിരുന്നു താങ്കളുടെ സ്വപ്നം? ഒരു ആർക്കിടെക്റ്റ് ആകണമെന്ന് ആഗ്രഹിച്ചിരുന്നോ, അതോ മറ്റെന്തെങ്കിലും തൊഴിൽ മനസ്സിലുണ്ടായിരുന്നോ?

**ബേക്കർ:** ഇല്ല. പക്ഷേ കുട്ടിയെന്നതുകൊണ്ട് എന്താണ് ഉദ്ദേശിച്ചത്? രണ്ട് വയസുള്ള കുട്ടി?.. ഇല്ല. അഞ്ച് വയസ്? ഇല്ല... (ചിരിക്കുന്നു). പത്ത് വയസ്സിൽ എനിക്ക് താൽപര്യം തോന്നിത്തുടങ്ങിയിരുന്നു. ആ സമയത്ത് എന്ത് ചെയ്യണമെന്ന് ചിന്തിച്ചിട്ടൊന്നുമില്ല. ആർക്കിറ്റെക്റ്റ്, ഡോക്ടർ, എഞ്ചിനീയർ അങ്ങനെയൊന്നും ചിന്തിച്ചിരുന്നില്ല... പക്ഷേ എങ്ങനെയോ ഞാൻ ആർക്കിറ്റെക്റ്റ് മേഖലയിൽ വന്നെത്തുകയായിരുന്നു.

**സുകുദാസ്:** കലയിൽ ചില താൽപര്യങ്ങളുണ്ടായിരുന്നില്ലേ?

**ബേക്കർ:** ഉണ്ട്, ചിത്രംവരയ്ക്കലിലും പെയിന്റിംഗിലുമൊക്കെ ഞാൻ ക്ലാസിൽ മുന്നിലായിരുന്നു. പഠിച്ച സ്കൂളിൽ ചിത്രംവരയ്ക്കലിന്റെയും പെയിന്റിംഗിന്റെയും ചുമതലയുണ്ടായിരുന്നത് ഒരു കഴിവുള്ള വ്യക്തിക്കായിരുന്നു. അദ്ദേഹം പ്രശസ്തനായ പെയിന്ററാണ്. പേര് മറന്നു (ചിരിക്കുന്നു). പക്ഷേ ആ കാലത്ത് വലിയ പ്രശസ്തനാണ്. എനിക്ക് അദ്ദേഹത്തിന്റെ രീതികളോട് ഇഷ്ടം തോന്നുകയും അദ്ദേഹത്തിന് തിരിച്ച് എന്നോട് താൽപര്യം തോന്നുകയും ചെയ്തു. ഞാൻ ഉദ്ദേശിച്ചത് ഒരു ശരാശരി സ്കൂൾ പയ്യനേക്കൾ ഞാൻ കലയിൽഅൽപം കൂടുതലായി താൽപര്യം കാണിച്ചു എന്നാണ്.

**സുകുദാസ്:** എത്രവയസ്സിലാണ് ഇന്ത്യയിലേക്ക് വന്നത്?

(ലാറി ബേക്കർ ഭാര്യ പൊന്നമ്മയോട് ചോദിക്കുന്നു. അവർ അറിയില്ല എന്നു മറുപടി പറയുന്നു)

**ബേക്കർ:** എനിക്കറിയില്ല. ഓർക്കാനാവുന്നില്ല. എനിക്ക് തോന്നുന്നത് 20 വയസ്സ് ഒക്കെ ഉണ്ടാകുമെന്നാണ്. 1937-ൽ ആയിരുന്നു. യുദ്ധം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ്. ഏത് യുദ്ധമാണ് എന്ന് ചോദിക്കരുത്. (ചിരിക്കുന്നു)


**സുകുദാസ്:** ഗാന്ധിയുമായുള്ള കൂടിക്കാഴ്ച?

**ലാറി ബേക്കർ:** എനിക്കദ്ദേഹത്തിൽ വലിയ താൽപര്യമായിരുന്നു.

**സുകുദാസ്:** ഇംഗ്ലണ്ടിലേക്ക് തിരിച്ചു പോകണമെന്ന് തോന്നിയ നിമിഷങ്ങളുണ്ടായിട്ടുണ്ടോ?

**ലാറിബേക്കർ:** ഇല്ല... പക്ഷേ പോയിട്ടുണ്ട്. എന്റെ മാതാപിതാക്കൾ അവിടെയായിരുന്നു. അവർ ഓരോരോ സമയത്തും എന്നെ കാണാൻ ഇവിടെ വന്നു. പക്ഷേ എനിക്ക് പൊന്നമ്മയെ എന്റെ പശ്ചാത്തലം കാണിക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് പോയിട്ടുണ്ട്.

**സുകുദാസ്:** താങ്കളുടെ കെട്ടിട നിർമാണ രീതിയെ സ്വയം എങ്ങനെയാണ് വിശേഷിപ്പിക്കുക. പലരും



സുകുദാസ് ലാറി ബേക്കറുമായി സംഭാഷണത്തിൽ. സമീപം ലാറിബേക്കറിന്റെ ഭാര്യ പൊന്നമ്മ.

ബേക്കർ സ്റ്റൈൽ എന്നാണ് വിളിക്കുക.

**ലാറിബേക്കർ:** ഓ.. ഇല്ല. അത് തീർത്തും ശരിയായിരിക്കില്ല. കാരണം ഞാൻ ഇന്ത്യയിലേക്ക് വന്നത് ഒരു കെട്ടിട നിർമാണ (ആർക്കിടെക്റ്റ്) ദൗത്യവുമായാണ്. കുഷ്ഠരോഗികൾക്കുവേണ്ടി.., ഇന്ത്യയിലെല്ലായിടത്തും കുഷ്ഠരോഗ കേന്ദ്രങ്ങളുണ്ടായിരുന്നു. 80 ക്രേന്ദ്രങ്ങളോ മറ്റോ. ഞാൻ ഒരു ആർക്കിറ്റെക്റ്റിന്റെ കണ്ണുകളോടെ നോക്കിയപ്പോൾ ഒരു പ്രദേശത്തുള്ള കെട്ടിട നിർമാണ രീതി മറ്റൊരിടത്ത് ആവർത്തിക്കുന്നില്ലെന്ന് മനസ്സിലായി. ഓരോ നാട്ടിലും ലഭ്യമായ വസ്തുക്കളുമായി ബന്ധപ്പെട്ടാണ് ഈ വ്യത്യാസം എന്ന് എനിക്ക് പിന്നീട് ബോധ്യമായി. എല്ലായിടത്തും ഇഷ്ടികയില്ലായിരുന്നു. ഇഷ്ടിക വേണമെങ്കിൽ ഉണ്ടാക്കാം. പക്ഷേ അത് ചുടാൻ വലിയ ചെലവാണ്. അതിനാൽ ചിലയിടത്ത് കല്ലുകൾ. മറ്റ് ചിലയിടത്ത് മരങ്ങൾ. അങ്ങനെ.. അതിനാൽ തന്നെ ഞാനൊരു ലാറിബേക്കർ സ്റ്റൈൽ ഉണ്ടാക്കാൻ ശ്രമിക്കുകയായിരുന്നില്ല. എവിടെയെങ്കിലും ജോലി ചെയ്യുമ്പോൾ ആ നാട്ടിൽ ലഭ്യമായ കെട്ടിട നിർമാണ വസ്തുക്കളോട് ഞാൻ ഒത്തുപോയി. ചിലയിടത്ത് ഇഷ്ടിക ഉപയോഗിച്ചു. മറ്റിടത്ത് അത് ഉപയോഗിച്ചില്ല. ചിലയിടത്ത് കല്ല്, ചിലയിടത്ത് ചെളിമാത്രം. ഞാൻ ആശ്രയിച്ചത് വസ്തുക്കളുടെ ലഭ്യതയെയാണ്-ചെളി, കല്ല്, ഇഷ്ടിക, മരം, എന്നിങ്ങനെ. ഞാൻ ഇന്ത്യയിലേക്ക് വരുമ്പോൾ ഇവിടെ സിമന്റ് ഒട്ടും പരിചിതമല്ലാത്ത വസ്തുവാണ്. (പുറകിലത്തെ ചുമര് കാട്ടി) ഇത് സിമന്റല്ല, കുമ്മായമാണ്. പിന്നീടാണ് സിമന്റ് ഉപയോഗിക്കാൻ തുടങ്ങിയത്. അതെല്ലാം ചൈന, കൊറിയ ജപ്പാൻ എന്നിടങ്ങളിൽ നിന്നാണ് വന്നത്, ഇന്ത്യയിൽ നിന്നല്ല. അതെ കൊറിയയിൽ നിന്നൊക്കെ. ലഭ്യമായിടത്ത് ഞാൻ അത് ഉപയോഗിച്ചു. അല്ലെങ്കിൽ പ്രാദേശികമായ വസ്തുക്കൾ. ഇന്ത്യയിൽ ഒട്ടും തന്നെ അന്ന് സിമിന്റ് കെട്ടിടങ്ങൾ കാണാനില്ലായിരുന്നു. എല്ലായിടത്തും ഞാൻ ജോലി ചെയ്തു. അതിനാൽ പ്രാദേശികമായി കെട്ടിട സാമഗ്രികൾ ഉപയോഗിക്കുന്ന രീതി തന്നെ ഞാൻ തുടർന്നു.

**സുകുദാസ്:** താങ്കളുടെ പ്രോജക്ടിൽ ഏറ്റവും ഇഷ്ടപ്പെട്ടത്?

**ലാറി ബേക്കർ:** (ചിരിക്കുന്നു)... ഞാൻ എല്ലാം ഇഷ്ടപ്പെട്ടു ചെയ്താണ്.

**സുകുദാസ്:** താങ്കൾ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, ഭക്ഷണശാലകൾ അങ്ങനെ പലതും നിർമിച്ചിട്ടുണ്ട്. പക്ഷേ ആഗ്രഹിച്ചിരുന്നെങ്കിലും നിർമ്മിക്കാൻ പറ്റാതിരുന്ന എന്തെങ്കിലും ഉണ്ടോ?

**ലാറിബേക്കർ:** ഞാൻ എപ്പോഴും പൂർണ്ണമായും വർക്കിൽ തന്നെ മുഴുകിയിരിക്കുകയായിരുന്നു. അങ്ങനെ ചെയ്യാൻ കഴിയാത്തതായി പ്രത്യേകിച്ച് ഒന്നുമില്ല.

**സുകുദാസ്:** വളരെ മുമ്പ് ഇന്ത്യാ ടുഡേ യിൽ ഒരഭിമുഖത്തിൽ താങ്കൾ നമ്മളിൽ പലരും കടലാസ് ആർക്കിടെക്റ്റുകളാണെന്നും; കൈയിൽ അഴക്കുപുരളാൻ ഇഷ്ടപ്പെടുന്നില്ലെന്നും സൂചിപ്പിച്ചിരുന്നു. അതെപ്പറ്റി പറയാമോ?

**ലാറിബേക്കർ:** ഒ.. ഞാൻ ഓർക്കുന്നില്ല.. ഞാൻ എഴുതിയതാണോ അത്?

**സുകുദാസ്:** അതെ, ഇന്ത്യാടുഡേയിൽ.

**പൊന്നമ്മ:** അദ്ദേഹം അങ്ങനെത്തെ കാര്യങ്ങൾ ഒന്നും പറയില്ല.

**സുകുദാസ്:** അടുത്തിടെ ഒരു ആർക്കിടെക്റ്റ്, തിരുവല്ല പള്ളിയിലെ താങ്കളുടെ പ്രോജക്ടിനെപ്പറ്റി ഒരു അഭിപ്രായം പറഞ്ഞിരുന്നു. അതായത് താങ്കൾ കെട്ടിടത്തിന്റെ ആയുസ്സിനെപ്പറ്റി പരിഗണിച്ചില്ല എന്ന്. അദ്ദേഹം പറഞ്ഞത് താങ്കളുടെ കെട്ടിടങ്ങൾ 25 വർഷം മാത്രമേ നിലനിൽക്കൂ എന്നാണ്.

**ലാറിബേക്കർ:** ഇന്ത്യയിൽ പലയിടത്തും പല വസ്തുക്കളും നിർമാണത്തിന് ഉപയോഗിക്കേണ്ടിവരും. ചിലയിടത്ത് കല്ല്, ചിലയിടത്ത് സിമിന്റ് അങ്ങനെ. ഇന്ത്യയിൽ പലയിടത്തും, മറ്റൊന്നും ഉപയോഗിക്കാതെ ചെളിയിൽ നിർമിച്ച കെട്ടിടങ്ങൾ നൂറുകണക്കിന് വർഷങ്ങൾ നിന്നിട്ടുണ്ട്...

**പൊന്നമ്മ:** തിരുവല്ലയിലെ പള്ളി അവർ പൊളിച്ചു.

**ലാറിബേക്കർ:** ശരിക്കും? എനിക്കതേപ്പറ്റി അറിയില്ല.

**പൊന്നമ്മ:** ആധുനിക രീതിയിൽ പള്ളിപണിയാനായിട്ടാണ്...

**സുകുദാസ്:** അവർ പറഞ്ഞത് അതിന്റെ മരത്തിൽ നിർമിച്ച കൂര നശിച്ചുവെന്നും മേൽക്കൂര സുരക്ഷിതമല്ലെന്നുമാണ് പറഞ്ഞത്.

**ലാറി ബേക്കർ:** ഓ..എനിക്കറിയില്ല.

**സുകുദാസ്:** ബേക്കർ സ്റ്റൈൽ പലരും പിന്തുടരുന്നുണ്ട്.. അവരെല്ലാം താങ്കളുടെ പ്രതീക്ഷകൾക്ക് ഒപ്പം പോകുന്നുണ്ടോ?

**ലാറിബേക്കർ:** അവർക്ക് ഞാൻ എന്താണ് ചെയ്തിരുന്നത് എന്നു മനസ്സിലായിട്ടുണ്ടെങ്കിൽ കുഴപ്പമില്ല. ഇന്ത്യയിൽ എവിടെയൊക്കെ കെട്ടിടം നിർമിച്ചോ അവിടെയെല്ലാം ഞാൻ ഉപയോഗിച്ചത് ലഭ്യമായ പ്രാദേശികമായ കെട്ടിട നിർമാണ സാമഗ്രികളാണ്. അവർ അതു തന്നെയാണ് ചെയ്യുന്നത് എങ്കിൽ ഞാൻ സന്തുഷ്ടനാണ്. ചൈന, യൂറോപ്പ്, ആഫ്രിക്ക അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യത്ത് നിന്ന് സാമഗ്രികൾ കൊണ്ടുവന്ന് ഉപയോഗിക്കുന്നത് നിസാരകാര്യമാണ്. പ്രാദേശിക വസ്തുക്കൾ ഉപയോഗിക്കണം. രാജ്യത്ത് മറ്റു ഭാഗങ്ങളിലുള്ള സാമഗ്രികളല്ല തമിഴ്നാട്ടിൽ കാണുക. അവിടെയുള്ളതല്ല മറ്റൊരിടത്തു കാണുക. കെട്ടിടനിർമാണത്തിനു ലഭ്യമായ നാടൻ സാമഗ്രികൾ ഉപയോഗിക്കുമ്പോൾ വിവിധ തരത്തിലുള വാസ്തുവിദ്യകളായി അത് മാറും. ഇഷ്ടിക എന്നത്-അതായത് ആധുനിക ചുട്ട ഇഷ്ടികകയ്ക്ക് 200-300 വർഷത്തെ പഴക്കമേയുള്ളൂ. പക്ഷേ കല്ലിന് മാറ്റം സം വിച്ചിട്ടില്ല. ഇന്നും കല്ലാണ് ഉപയോഗിക്കുന്നത്. സിമന്റ് വന്നതോടെയാണ് എല്ലാം മാറുന്നത്. സിമന്റ് എന്നത് ഉണ്ടാക്കിയ വസ്തുവാണ്. സിമന്റ് അതുപോലെ തന്നെ കുഴിച്ചെടുക്കാനാവില്ല. അമ്പതുവർഷമായിട്ടുള്ളൂ സിമന്റ് ഉപയോഗിക്കാൻ തുടങ്ങിയിട്ട്. അതിന് മുമ്പ് സിമന്റിനു പകരമുണ്ടായിരുന്നത് ചുണ്ണാമ്പാണ്-കുമ്മായം. ഇന്നത് പെട്ടന്ന് ലഭ്യമല്ല. അത് ലഭ്യമായിടത്ത് അതുതന്നെ ഉപയോഗിക്കണം.

**സുകുദാസ്:** ഇന്ന് പഴയ കെട്ടിടങ്ങൾ മാറ്റിസ്ഥാപിക്കുന്നത് (ട്രാൻസ്പ്ലാന്റിംഗ്) കണ്ടിട്ടുണ്ടാവുമല്ലോ...

**ലാറിബേക്കർ:** ശരിക്കും അങ്ങനെയുണ്ടോ? ഞാൻ കണ്ടിട്ടില്ല. ശ്രദ്ധിച്ചിട്ടില്ല.

**സുകുദാസ്:** അതിനെപ്പറ്റി അഭിപ്രായം?

**ലാറിബേക്കർ:** എനിക്കറിയില്ല... സുഖകരമായി ജീവിക്കുന്നതിന് പ്രാദേശികമായി ആ പ്രത്യേക മേഖലയിൽ നിന്നുള്ള വസ്തുക്കൾ ഉപയോഗിച്ച് പണിത വീടുകളാവും ഇങ്ങനെ മാറ്റിസ്ഥാപിക്കുന്നത്. പക്ഷേ, തിരുവനന്തപുരം പോലുള്ള പട്ടണങ്ങളിൽ വരുമ്പോൾ... അതായിരിക്കില്ല സ്ഥിതി (ചിരിക്കുന്നു). ഇവിടുത്തെ കെട്ടിടങ്ങൾ വെറും ചെലവു കുറഞ്ഞതുമാത്രമല്ല, ഏറ്റവും ചെലവുകുറഞ്ഞതും ഉറപ്പുള്ളതും സ്ഥിരമായതുമായ ഘടനയുള്ളതുമാണ്.

**സുകുദാസ്:** ആധുനിക കെട്ടിടങ്ങളെപ്പറ്റി അഭിപ്രായം?

**ലാറിബേക്കർ:** (ചിരിക്കുന്നു) ഇതുവരെ എന്നെ സംബന്ധിച്ച് അത്തരം കെട്ടിടങ്ങളിൽ താമസിക്കേണ്ടി വന്നിട്ടില്ല (ചിരിക്കുന്നു)... അതാണ് ആൾക്കാർക്ക് ആഗ്രഹമെങ്കിൽ ആയിക്കോട്ടെ.

**സുകുദാസ്:** ചെറുപ്പക്കാരായ ആർക്കിടെക്റ്റുമാർക്ക് എന്തെങ്കിലും സന്ദേശം?

**ലാറി ബേക്കർ:** ഓ...ഇല്ല. അവർ ആധുനിക രീതി എന്നറിയപ്പെടുന്ന നിർമാണ രീതിയാണ് ചെയ്യുന്നതെങ്കിൽ അവർ സ്വയം ഈ ചോദ്യങ്ങൾ ചോദിക്കേണ്ടതുണ്ട്, തങ്ങൾ പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചാണോ വീട് പണിയുന്നത്, പ്രകൃതിയോട് ഇണങ്ങിയതും അതിൽ താമസിക്കുന്നവർക്ക് യോജിച്ചതുമാണോ, വീട്ടുടമകളുടെ തൊഴിൽ എന്താണ്, വീടുപണിയുന്നയാൾക്ക് ചെലവ് താങ്ങാവുന്നതാണോ എന്നൊക്കെ. (പിന്നിലെ ഭിത്തി ചൂണ്ടിക്കാട്ടി) ഇതിൽ സിമന്റില്ല. (മറ്റൊരു ഭിത്തി ചൂണ്ടിക്കാട്ടി) ഇതെല്ലാം കുമ്മായമാണ്. ഒന്നു രണ്ടു കുഴപ്പങ്ങളുണ്ട് കുമ്മായത്തിന്. അത് വളരെ സാവധാനമേ ഉറക്കൂ. ഈ ഭിത്തി ഇപ്പോഴാണ് പണിയുന്നതെങ്കിൽ ഈ ഉയരത്തിൽ എനിക്ക് പണിയാനാവില്ല. എനിക്കിതിൽ പിന്നീട് രണ്ടോ മൂന്നോ ദിവസം പണി തുടരാനാവില്ല. ഇന്ന് സിമന്റ് ഉപയോഗിക്കുന്നിടത്ത് ഉറപ്പാണ്,

നാളെ പണിതുടരാനുമാവും. സിമന്റിന് അതിന്റേതായ ഉപയോഗ മുണ്ട്. പക്ഷേ തീർച്ചയായും അത് വിലകൂടുതലാണ്. കാരണം സിമന്റ് അങ്ങനെയാണ് ഉണ്ടാക്കുന്നത്. പ്രാദേശികമായ വസ്തുക്കൾ ലഭ്യമാ യിടത്തുപോലും... ഇന്ന് സിമന്റ് എല്ലാം മാറ്റിയിട്ടുണ്ട്. കാരണം സിമന്റ് പോലെ മറ്റൊന്നില്ല. ഇന്ന് എവിടെയും, മലയുടെ മകളിൽ പോലും നിങ്ങൾക്ക് ഒരു ചാക്ക് സിമന്റ് കിട്ടും. ഞാൻ ഇന്ത്യയിൽ ആദ്യംവരുമ്പോൾ വ്യവസായ മേഖലയിൽ മാത്രമേ സിമന്റ് കിട്ടുകയുള്ളൂ. അന്ന് നാടൻ വസ്തുക്കൾ എളുപ്പം കിട്ടും. അതു വച്ച് വേഗത്തിൽ പണിയാനുമാകും. (അടുത്തുള്ള ഭിത്തി ചൂണ്ടിക്കാട്ടി). ഈ ഭിത്തി ഞാൻ ഇന്ന് കുമ്മായ കൂട്ടുപയോഗിച്ചാണ് പണിയുന്ന തെങ്കിൽ അടുത്ത മൂന്നടി പൊക്കം മൂന്നോ നാലോ ദിവസത്തേക്ക് പണിയാനാകില്ല. സിമന്റാണെങ്കിൽ ഇന്ന് രാത്രിയിലും പണിതുടരാം. കാരണം സിമിന്റ ഉറപ്പുള്ളതും പെട്ടന്ന് ഉറക്കുകയും ചെയ്യും.

**വിനോദ്:** തന്ത്ര താങ്കളെ സ്വാധീനി ച്ചിട്ടുണ്ടോ?

**പൊന്നമ്മ:** (ബേക്കറിനോട്) നിങ്ങ ളത് കേട്ടിട്ടുണ്ടാവുമെന്ന് എനിക്ക് തോന്നുന്നില്ല

**വിനോദ്:** ഞാൻ ഉദ്ദേശിച്ചത് തന്ത്ര വിദ്യ താങ്കളുടെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ടോ എന്നാണ്?

**ലാറിബേക്കർ:** ഇല്ല. ബോധപൂർവ മായിട്ടില്ല.

**വിനോദ്:** തന്ത്ര വിദ്യമാത്രമല്ല, ജ്യോമ ട്രിക്കൽ റിഥം, ശ്രീചക്രം, യന്ത്രങ്ങ ൾ എന്നി ങ്ങനെ യുള്ളവയുടെ ദൃശ്യ താളക്രമം?


**ലാറിബേക്കർ:** ഇല്ല. അവ എന്നെ വലിയ രീതിയിൽ സ്വാധീനിച്ചി ട്ടുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഞാനൊരു പ്രത്യേക രീയിൽ മാത്രമല്ല കെട്ടിടങ്ങൾ നിർമിച്ചി ട്ടുള്ളത്. പ്രത്യേകമേഖലയിൽ വികസിച്ചിരുന്ന കെട്ടിട നിർമാണ രീതികളാണ് ഞാൻ ചെയ്തിരുന്നത്. നിങ്ങൾ ഇവിടെ പണിയുന്നതായി രിക്കില്ല, വിമാന ത്താവളത്തിന്റെ അടുത്ത് പണിയുന്നത്... കാരണം കിട്ടുന്ന സാമഗ്രികളുടെ വ്യത്യസ്ത ത. മലമുകളിൽ കെട്ടിടം പണിയു മ്പോൾ അതിന്റേതായ വ്യത്യാസമു ണ്ടാകും. എന്താണോ കെട്ടിടം പണി യാനായി കിട്ടിയിരുന്നത് അതാണ് പരമ്പരാഗതമായി ആൾക്കാർ ഉപ യോഗിച്ചിരുന്നത്. അതാണ് ഞാനും പിന്തുടർന്നത്.

**സുകുദാസ്:** ഏതെങ്കിലും ആർക്കിടെ ക്റ്റോ നിർമാണ രീതിയോ നിങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ?

**ലാറിബേക്കർ** : ഇല്ല. പ്രത്യേകിച്ച് ആരും എന്നെ സ്വാധീനിച്ചിട്ടല്ല. എന്നാൽ എല്ലാവരിലും എനിക്ക് താൽപര്യമുണ്ട്.

കൊച്ചി കേന്ദ്രമായ ഡിസൈൻ & പീപ്പിൾ എന്ന സ്ഥാപ നത്തിന്റെ മുഖ്യപ്രവർത്തകനും തിബറ്റൻ വിമോചന ത്തിനായുള്ള പ്രവർത്തനനങ്ങളിൽ. പങ്കാളിയുമാണ് ആർക്കിടെക്റ്റായ സുകുദാസ്. 98470 44248.

*(49-ാം പേജിൽനിന്നുള്ള തുടർച്ച)*




ഡൈനാമോ വെച്ചിട്ടുള്ള സൈക്കിൾ ഞങ്ങൾ ഓരോ രുത്തരും മാറിമാറി ചവിട്ടുകയാണ്. കൂടുതൽ നേരം ചവിട്ടി ചാർജ് ചെയ്യുന്നവർക്ക് വൻസ്വീകരണമാണ്. അവർ ചോദിക്കുന്നതെന്തും കിട്ടും. അടുക്കളയിൽ വിറ കടുപ്പുകളാണ് പാചകത്തിന് ഉപയോഗിക്കുന്നത്. പരി പൂർണ്ണമായിട്ടും സസ്യാഹാരമാണ് അവിടെ ലഭിക്കു ന്നത്. അതിന് തന്നെ പ്രധാനം പഴങ്ങൾക്കാണ്. അവി ടെയുള്ള വീടുകൾ മുഴുവനും ഓലയും വൈക്കോലും മുളയുംകൊണ്ട് നിർമിച്ചതാണ്. ഓരോ വീട്ടിലും അമ്പതും നൂറും പേർക്ക് ഒത്തുകൂടാൻ പറ്റുന്നത്ര വലി പ്പമുള്ളവയാണ്.

ജോലികൾ എല്ലാവരുമായി പങ്കുവെയ്ക്കുകയാണ് പതിവ്. എല്ലാ ദിവസവും വൈകിട്ടത്തെ ഭക്ഷണത്തിന് ശേഷം അടുത്ത ദിവസത്തെ ജോലികൾ വീതം വെച്ചെടുക്കുന്നു. കാലത്ത് 5 മണിയ്ക്ക് ഉണരുകയും 1 മണിക്കൂർ യോഗ, ധ്യാനം മുതലായവ ഇഷ്ടമനുസ രിച്ച് ചെയ്യും. 6 മണിക്ക് എല്ലാവരും ചേരുകയും ജോലി കൾ ഓരോരുത്തരും ഉറപ്പു വരുത്തുകയും ചെയ്യും. എല്ലാ കാര്യങ്ങൾക്കും കൃത്യതയും അടുക്കും ചിട്ടയു മുണ്ട്. എന്നാൽ യാതൊരു നിയന്ത്രണവുമില്ല. ഓരോരോ കാര്യങ്ങൾക്കും സാദന ഫോറസ്റ്റിന് അതി ന്റേതായ ഒരു പ്രത്യേകതയുണ്ട്. മുഖം കഴുകുന്നതിന് വെള്ളം കിട്ടുന്നത് ഒരു ചെറിയ ഓട്ടയുള്ള കലം കെട്ടി യിരിക്കുന്നതിൽ നമ്മൾ ഒരു കപ്പ് വെള്ളം ഒഴിക്കുന്നത് പൈപ്പിൽനിന്നും വരുന്നതുപോലെയാണ്. കുറേശ്ശെ വരുന്നത്. വെള്ളം ഏറ്റവും കുറച്ച് എങ്ങനെ ഉപയോഗിക്കാ മെന്ന് സാദന ഫോറസ്റ്റ് നമ്മെ പഠിപ്പിക്കുന്നു. ചെടികളുടെ കടകളിലെല്ലാം പ്ലാസ്റ്റിക് കുപ്പിയുടെ അടിവശം മുറിച്ചത് കുഴിച്ചിട്ടിട്ട് അതിൽ വെള്ളം ഒഴിക്കുകയാണ് കുറെസമയത്തേയ്ക്ക് ചെടിയുടെ വേരിനടുത്ത് തന്നെ വെള്ളം കിട്ടും.